**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5362** **21-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ - പൂർത്തിയായവ **അനുബന്ധം1**-ലും നടന്നു വരുന്നവ **അനുബന്ധം2**-ലും ചേർത്തിരിക്കുന്നു. |
| (ബി) | മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്നും അവയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിലെ സി.എ. എച്ച്.എസ്. കുഴൽമന്ദം സ്കൂളിനെ ഫുട്ബോൾ ട്രെയിനിംഗിനായുള്ള ഗോൾ പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കാനായി കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം1

### 1. പൂർത്തീകരിച്ച പ്രവൃത്തികൾ

- എരിമയൂർ ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട്, പാലക്കാട് (ഭരണാനുമതി തുക - 1.06 കോടി രൂപ)
- തേൻകുറിശ്ശി ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട്, പാലക്കാട് (ഭരണാനുമതി തുക - 95.73 ലക്ഷം രൂപ)
- കാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ ഇൻഡോർ സ്റ്റേഡിയം (ഭരണാനുമതി തുക - 77.73 ലക്ഷം രൂപ)
- MNKMHSS ഗ്രൗണ്ട് മേലാർകോട്, പാലക്കാട് (ഭരണാനുമതി തുക - 2.13 കോടി രൂപ)
- കുഴൽമന്ദം സി.എ.എച്ച്.എസ്.എസ് സ്കൂൾ സ്റ്റേഡിയം, പാലക്കാട് (ഭരണാനുമതി തുക - 1.02 കോടി രൂപ)
- കുനിശ്ശേരി ഗവ. ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട് (ഭരണാനുമതി തുക - 95.73 ലക്ഷം രൂപ)

സെക്ഷൻ ഓഫീസർ.

## അനുബന്ധം2

## 2. നടന്നു വരുന്ന പ്രവൃത്തികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | കിഴക്കാഞ്ചേരി ഗവ. ഹയർ സെക്കൻററി സ്കൂൾ ഗ്രൗണ്ട് | 2.13 കോടി | 06.09.2022-ൽ കരാറിലേർപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ 35% പൂർത്തീകരിച്ചിട്ടുണ്ട്. 04.07.2024-ൽ കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇൻഡോർ കോർട്ടിന്റെ ഉയരം 8 മീറ്ററിൽ നിന്നും 9 മീറ്ററാക്കി ഉയർത്തുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ VET ചെയ്ത് ലഭിക്കുന്നതിനായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിച്ച ശേഷം പ്രവൃത്തി പുനരാരംഭിച്ച് 2025 ജൂലൈ മാസം അവസാനത്തോടു കൂടി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |
| 2. | CVMHSS ഗ്രൗണ്ട് വണ്ടാഴി, പാലക്കാട് | 95.73 ലക്ഷം | 04.08.2022-ൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തിയിൽ പുരോഗതിയില്ലാത്തതിനാൽ 23.08.2024-ലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്യുകയും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3. | അക്വാട്ടിക് അക്കാഡമി, ആലത്തൂർ | 2.00 കോടി | 30.06.2023-ൽ കരാറിലേർപ്പെട്ട പ്രസ്തുത പ്രവൃത്തി സാങ്കേതിക കാരണങ്ങളാൽ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 14.05.2024-ലെ കത്ത് പ്രകാരം പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യുവാൻ കരാറുകാരൻ അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 01.08.2024 -ലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം |

| | | | |
|---|---|---|---|
| | | | കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പുതുക്കിയ ഡിസൈൻ തയ്യാറാക്കി 14.02.2025-ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി 03.03.2025 അവസാന തീയതിയായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരു ദർഘാസുകാരൻ മാത്രമാണ് പങ്കെടുത്തത്. ആയതിനാൽ 15.03.2025 അവസാന തീയ്യതിയായി പ്രവൃത്തിക്ക് റീ ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിലും ദർഘാസുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. ആയതിനാൽ 17.03.2025-ൽ പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 4. | പെരുംകുന്നം ജി.എൽ.പി.എസ് ഗ്രൗണ്ട്, കുഴൽമന്ദം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | 80 ലക്ഷം | 17.10.2024-ൽ കരാറിലേർപ്പെട്ട ടി പ്രവൃത്തിയിൽ ഉൾപ്പെട്ട റീട്ടൈനിംഗ് വാളിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു (20% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്). 2025 ഓഗസ്റ്റ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**